# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in & kauagmet@yahoo.co.in


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളം ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 49/2018(97), വെള്ളിയാഴ്ച — തീയ്യതി 07.12.2018

### അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 08.12.2018 | 09.12.2018 | 10.12.2018 | 11.12.2018 | 12.12.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 2 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| മേഘവ്യാപ്തി (ഒക്ട്സ) | 4 | 3 | 3 | 2 | 2 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 7 | 7 | 7 | 6 | 7 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 72 | 73 | 54 | 54 | 77 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ പ്രവചനമനുസരിച്ച് ജില്ലയിൽ വരും 5 ദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയില്ല.

### കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| വെള്ളരിവർഗ്ഗ പച്ചക്കറികൾ | - | പൗഡറി മിൽഡ്യൂ | ഇലകളിൽ പൂപ്പൽ മാതിരി വെളുത്ത പൊടി കാണുന്ന രോഗമാണ് പൗഡറി മിൽഡ്യൂ. ഇതിനു പ്രതിവിധിയായി വിളവെടുപ്പിനു ശേഷം 1.5 മി.ലി ടെബുകൊണസോൾ അല്ലെങ്കിൽ 0.5 മി.ലി ഡൈഫെനോകൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. 10 ദിവസത്തിനു ശേഷം ട്രൈക്കോഡർമ വിരിഡെ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വാഴ | - | ഇലതീനിപ്പുഴു | ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ക്വിനാൽഫോസ് 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| നെല്ല് | ചിനപ്പു പൊട്ടുന്ന പരുവം | പട്ടാളപ്പുഴു | നെല്ലിൽ പട്ടാളപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കുന്നതിനായി,<br>• പാടത്ത് കുറഞ്ഞത് 24 മണിക്കൂറെങ്കിലും വെള്ളം കെട്ടി നിർത്തുക.<br>• നെൽ ചെടികളിലും പാടത്തിന്റെ വരമ്പുകളിലും കളകളിലും 3 മി.ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ നന്നായി തളിക്കുക.<br>• നടീൽ കഴിഞ്ഞിട്ടില്ലാത്ത പാടങ്ങളിൽ ക്ലോറാൻട്രനിലിപ്രോൾ ഗ്രാന്യൂൾസ് 4 കി.ഗ്രാം ഒരു ഏക്കറിന് എന്ന തോതിൽ വളത്തോടൊപ്പം ചേർത്ത് കൊടുക്കുക.<br>• പാടവരമ്പും ചുറ്റുപാടുകളും കള വിമുക്തമാക്കുക. |
| മൃഗസംരക്ഷണം | മേച്ചിൽ സ്ഥലങ്ങളിലും തൊഴുത്തിലും ശുദ്ധമായ കുടിവെള്ളം ധാരാളം ലഭ്യമാക്കണം (സി.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി) | | |